# ORTHODOX SYRIAN SUNDAY SCHOOL ASSOCIATION OF THE EAST

Devalokam P.O. Kottayam - 686 004, Phone: 2572890
E-mail: dgossae@gmail.com
Website: ossae.org

**Dr. GABRIEL MAR GREGORIOS METROPOLITAN**
PRESIDENT

**Fr. Dr. JACOB KURIAN** Director General | **Prof. Dr. CHERIAN THOMAS** Publication Officer | **SANTHOSH BABY A.K.** Treasurer | **Prof. K.V. GEORGE** Executive Officer

Circular: 6/DG-1/2018

പ്രിയമുള്ള സുഹൃത്തുക്കളെ,

പ. ബാവാതിരുമനസ്സിലെ കല്പനപ്രകാരം 2018 ഏപ്രിൽ 16 മുതൽ സൺഡേസ്കൂൾ ഡയറക്ടർ ജനറലായി ഞാൻ ചുമതലയേറ്റിരിക്കുകയാണ്. പ്രസ്ഥാനം പ്രസിഡന്റ് അഭിവന്ദ്യ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ നിർദ്ദേശപ്രകാരവും സൺഡേസ്കൂൾ പ്രവർത്തകരുടെ സഹകരണത്താലും ബലഹീനനായ എന്റെ പരിമിതികൾക്കുള്ളിൽ ചെയ്യാൻ സാധിക്കുന്നത് ദൈവകൃപയിൽ ചെയ്യണം എന്നു പ്രാർത്ഥിക്കുകയും പ്രത്യാശിക്കുകയും ചെയ്യുന്നു. മുൻഗാമികളും പ്രഗത്ഭരുമായ ഡയറക്ടർ ജനറൽമാർ കാണിച്ചുതന്ന പാതയിൽ നമുക്കൊരുമിച്ചു പ്രവർത്തിക്കുവാൻ എല്ലാവരുടെയും പ്രാർത്ഥനാപൂർവ്വമായ സഹകരണം ഞാൻ അഭ്യർത്ഥിക്കുന്നു.

സഭാശുശ്രൂഷയിലേക്ക് എന്നെ കൈപിടിച്ചുനടത്തിയതു സൺഡേസ്കൂളും സൺഡേസ്കൂൾ അധ്യാപകരുമാണ്. ഒരു സൺഡേസ്കൂൾ അധ്യാപകന്റെ/അധ്യാപികയുടെ പ്രഥമ ചുമതല, “ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ” (യോഹ. 21:15) എന്ന കർത്താവേശുമിശിഹായുടെ ചോദ്യത്തിന് അനുകൂലമായ ഉത്തരം ജീവിതത്തിലൂടെ നൽകുകയെന്നതാണ്. കുഞ്ഞാടുകളെ മേയിക്കുവാൻ കർത്താവ് നമ്മോടു പറയുമ്പോൾ, നമ്മുടെ മനസ്സിൽ അവരെക്കുറിച്ച് അഞ്ചു പ്രധാന ലക്ഷ്യങ്ങൾ കാണുവാൻ ഇടയാകട്ടെ.

1. പ്രാർത്ഥനാനുഭവം ഉള്ള കുഞ്ഞുങ്ങളായി അവർ വളരണം.
2. വി. ബൈബിൾ അവർക്കു പ്രിയങ്കര വഴികാട്ടിയായി ബോധ്യപ്പെടണം.
3. വി. സഭയുടെ ആരാധന, വിശ്വാസം, വിശുദ്ധ പാരമ്പര്യം എന്നിവയിൽ അവർ ആനന്ദവും സംതൃപ്തിയും അനുഭവിക്കണം.
4. കുടുംബത്തിലും സമൂഹത്തിലും നല്ല മനുഷ്യബന്ധങ്ങളുടെ മൂല്യം അവർ തിരിച്ചറിയണം.
5. അവരെക്കൊണ്ട് സമൂഹത്തിന് എന്തെങ്കിലും പ്രയോജനം ഉണ്ടാകണം.

നമ്മുടെ കാലഘട്ടത്തിൽ, വളരുന്ന തലമുറയെയും അവർക്കു നൽകുന്ന പരിശീലനത്തെയും ബാധിക്കുന്ന നിരവധി വെല്ലുവിളികൾ ഉണ്ട്. കുട്ടികൾക്ക് ഉണ്ടാകുന്ന സമ്മർദ്ദങ്ങളും പിരിമുറുക്കങ്ങളും അതിജീവിക്കുവാൻ പ്രാർത്ഥനയും മുതിർന്നവരുടെ സമയോചിതമായ ഇടപെടലുകളും നല്ല സൗഹൃദങ്ങളും എത്രമാത്രം വിലപ്പെട്ടതാണെന്നു സൺഡേസ്കൂൾ പ്രസ്ഥാനത്തിലൂടെ നമുക്കു തെളിയിക്കുവാൻ കഴിയട്ടെ.

സൺഡേസ്കൂൾ ആഫീസിൽ സമർപ്പണബോധത്തോടെ പ്രവർത്തിക്കുന്ന ഒരുകൂട്ടം സഹപ്രവർത്തകർ എനിക്കുണ്ട് എന്നതു വളരെ ആശ്വാസമായി തോന്നുന്നു. എന്റെ മുൻഗാമി ബഹുമാനപ്പെട്ട ഡോ. റജി മാത്യു അച്ചന്റെ കാലത്ത് ആലോചിച്ചു തീരുമാനിച്ച രണ്ടു നിർമ്മാണപ്രവർത്തനങ്ങൾ എത്രയും വേഗം ആരംഭിച്ചു പൂർത്തിയാക്കേണ്ടതുണ്ട്: ഒന്ന്, സൺഡേസ്കൂൾ കേന്ദ്ര ആഫീസ് കെട്ടിടത്തിന് ആവശ്യം വരുത്തേണ്ട ആധുനീകരണം. രണ്ട്, സൺഡേസ്കൂൾ പ്രസ്ഥാനത്തിനായി, കോട്ടയത്തിനടുത്ത് പരുത്തുംപാറയിൽ ഒരു സഭാംഗം ദാനമായി തന്ന സ്ഥലത്ത് ഒരു പരിശീലനകേന്ദ്ര സമുച്ചയത്തിന്റെ നിർമ്മാണം. ഇതു രണ്ടും നടക്കുവാൻ എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു.

ദൈവംതമ്പുരാൻ കൃപ ചെയ്താൽ എല്ലാവരുടെയും സഹകരണത്തോടെ, കാര്യക്ഷമമാക്കുവാനും വിപുലീകരിക്കുവാനും ആഗ്രഹിക്കുന്ന രണ്ടു കാര്യങ്ങളുണ്ട്: ഒന്ന്, സമർത്ഥരായവരും ഉപരിപഠനവും പരിശീലനവും ആഗ്രഹിക്കുന്നവരുമായി സാമ്പത്തികപരിമിതികളുള്ള സൺഡേസ്കൂൾ

വിദ്യാർത്ഥികൾക്ക് ഒരു സ്കോളർഷിപ്പ് പദ്ധതി. രണ്ട്, സൺഡേസ്കൂൾ അധ്യാപകരായി പ്രവർത്തിച്ചിട്ടുള്ളവരും പ്രവർത്തിക്കുന്നവരുമായ സാമ്പത്തിക ബുദ്ധിമുട്ടുകൾ ഉള്ളവർക്ക് കൈത്താങ്ങൾ ആകുവാൻ, ഒരു സൺഡേസ്കൂൾ 'തണൽ' പദ്ധതി. ഇവയ്ക്കായി ഭദ്രാസനതലങ്ങളിലും കേന്ദ്രതലത്തിലും കുറച്ചൊക്കെ ചില പദ്ധതികൾ നടക്കുന്നുണ്ടെങ്കിലും കൂടുതൽ വിപുലീകരണം ആവശ്യമാണെന്നതിനു സംശയമില്ല. കൂട്ടായ ചിന്തയ്ക്കും യുക്തവും വ്യക്തവുമായ തീരുമാനങ്ങൾക്കുമായി ഇവ ഒന്നു സൂചിപ്പിച്ചുവെന്നു മാത്രം.

പുതിയ സൺഡേസ്കൂൾ അധ്യയനവർഷം, അർദ്ധവാർഷികപരീക്ഷയും സഹപാഠ്യമത്സരങ്ങളും സമീപിച്ചിരിക്കയാണല്ലോ. ഒ.വി.ബി.എസ്. വിജയകരമായി പലയിടത്തും നടന്നുവെന്ന് അറിയുന്നതിൽ സന്തോഷിക്കുന്നു. അതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവരെയും അഭിനന്ദിക്കുന്നു, നന്ദി അറിയിക്കുന്നു. മെയ് 13, ഞായർ (പെന്തിക്കോസ്തിക്കു മുൻപുള്ള ഞായർ) ആണല്ലോ സൺഡേസ്കൂൾദിനം. പതിവുപോലെ സൺഡേസ്കൂൾ ദിനത്തിന്റെ എല്ലാ പരിപാടികളും നടക്കുമല്ലോ. ഇടവക വികാരിഅച്ചന്മാർ അക്കാര്യത്തിൽ സൺഡേസ്കൂൾ പ്രവർത്തകർക്കുവേണ്ട പ്രോത്സാഹനം നൽകും എന്നു പ്രത്യാശിക്കുന്നു. സൺഡേസ്കൂൾദിന കവർപിരിവും കാണിക്കയും വിജയകരമായി ത്തീരട്ടെ.

നമ്മുടെ സഭാന്തരീക്ഷത്തിൽ സമാധാനം ഉണ്ടായി, നമ്മുടെ കുഞ്ഞുങ്ങൾ സ്നേഹത്തിന്റെയും സത്യത്തിന്റെയും സഹവർത്തിത്വത്തിന്റെയും പാഠങ്ങൾ പഠിച്ച്, ദൈവരാജ്യത്തിന്റെ മക്കളായി വളരുവാൻ നമുക്കു പ്രാർത്ഥിക്കാം, പരിശ്രമിക്കാം. ഇക്കൊല്ലത്തെ "കാത്തിരുപ്പു" നാളുകളിൽ (സ്വർഗ്ഗാരോഹണം മുതൽ പെന്തിക്കോസ്തിവരെ) സഭാസമാധാനത്തിനുവേണ്ടി സൺഡേസ്കൂൾ വിദ്യാർത്ഥികളും അധ്യാപകരും പ്രത്യേകമായി പ്രാർത്ഥിക്കുവാൻ ശ്രദ്ധിക്കുമല്ലോ. എല്ലാവർക്കും 'സൺഡേസ്കൂൾ ദിന'ത്തിന്റെയും പെന്തിക്കോസ്തിയുടെ പരിശുദ്ധാത്മ പുതുക്കത്തിന്റെയും നന്മകൾ ആശംസിക്കുന്നു.

കർത്തൃശുശ്രൂഷയിൽ
നിങ്ങളുടെ സഹപ്രവർത്തകൻ

**ജേക്കബ് കുര്യനച്ചൻ**
ഡയറക്ടർ ജനറൽ

OSSAE ആഫീസ്, ദേവലോകം
2018 മെയ് 2

അഡ്രസ്
മണ്ണാത്തിപ്പാറയ്ക്കൽ
പഴയസെമിനാരിക്കു സമീപം
ചുങ്കം, കോട്ടയം-1
കേരള
Pin.: 686 001
Ph.: 0481 2568046
Mob. 9446862867